LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്. അനുസരിച്ച് പണമടച്ച വൈദ്യുതി പദ്ധതികൾ

176 [1756] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്. അനുസരിച്ച് പണമടച്ച വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പട്ടാമ്പി എം.എൽ.എ.-യുടെ എസ്.ഡി.എഫ്. പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് വന്ന കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;

(സി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്. അനുസരിച്ച് പണമടച്ച വൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട സാധന സാമഗ്രികൾ ലഭ്യമാക്കുകയും മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കുകയും പ്രവർത്തന പുരോഗതി യഥാസമയം വിലയിരുത്തുകയും ചെയ്തുവരുന്നു.

(ബി) 2003-2004-ൽ പണമടച്ച എല്ലാ പദ്ധതികളും പൂർത്തിയായി. 2004 മെയ് മാസത്തിനുശേഷം പണമടച്ച് തുക വരവു വച്ച പ്രവൃത്തികൾ മാത്രമാണ് ചെയ്തു തീർക്കാൻ ബാക്കിയുള്ളത്. മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള എല്ലാ പദ്ധതികളും പൂർത്തിയായി. പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള 22 പദ്ധതികളിൽ 8 എണ്ണം ഇതുവരെ പൂർത്തിയായി.

(സി) ഈ പദ്ധതികൾ 2004-2005 സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതാണ്.

31-3-2004-ലെ കണക്കുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിശദാംശങ്ങൾ

177 [1757] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2004-ലെ കണക്കുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ താഴെപ്പറയുന്നവ ഓരോന്നും എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മൊത്തം ഉപഭോക്താക്കൾ എത്ര;

(സി) മൊത്തം സ്ഥിര ജീവനക്കാർ എത്ര;